YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - കൈറ്റ് - 'സമേതം' എന്ന പേരിൽ ഓൺലൈൻ സ്കൂൾ ഡാറ്റാബാങ്ക് സജ്ജമാക്കുന്നതിനും 'സമേത'ത്തിലുള്ള ഡാറ്റ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുൾപ്പെടെ ഉപയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.436/2019/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 01.02.2019

പരാമർശം:-1. 27.05.2017 ലെ സ.ഉ.(സാധാ) നം.1602/2017/പൊ.വി.വ.

2. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.01.2019 ലെ കൈറ്റ്/2019/1636 (1) നമ്പർ കത്ത്.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലെ വിവരശേഖരണം സമ്പൂർണ ഓൺലൈൻ സ്കൂൾ മാനേജ്മെൻറ് സോഫ്റ്റ്‌വെയറിലൂടെ മാത്രം നടത്തുന്നതിന് സ്കൂളുകളിൽ നിന്നുള്ള ഡാറ്റ ശേഖരണം സമ്പൂർണ ഉപയോഗിച്ച് മാത്രം നടത്തുക, വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഏജൻസികൾ ഈ ഡാറ്റ ഉപയോഗിക്കുക, ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുക, സി.ബി.എസ്.ഇ-ഐ.സി.എസ്.ഇ-കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി മുഴുവൻ സ്കൂളുകളുടേയും വിശദാംശങ്ങൾ സമ്പൂർണയിൽ രേഖപ്പെടുത്തുക തുടങ്ങിയ വിവിധ നിർദ്ദേശങ്ങൾക്ക് വിധേയമായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. സമ്പൂർണയിൽ സ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ, പഠനനിലവാരം, പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെഭാഗമായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിൽ 'സമ്പൂർണ' മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഐടി @ സ്കൂൾ (നിലവിൽ കൈറ്റ്) ഒരുക്കേണ്ടതാണെന്ന് പ്രസ്തുത സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ആയതിൻപ്രകാരം 'സമേതം' എന്ന പേരിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഒരു ഓൺലൈൻ പോർട്ടൽ തയാറാക്കിയിട്ടുണ്ടെന്നും സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സ്റ്റാഫിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ, കുട്ടികളുടെ എണ്ണം, സ്കൂൾ വിക്കിയിലെ പേജ്, ലൊക്കേഷൻ മാപ്പ് എന്നീ വിഭാഗങ്ങളാണ് 'സമേത'ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അടിസ്ഥാന വിവരങ്ങളിൽ ക്യാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശ സ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങി അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങൾ ഈ വിഭാഗത്തിലുൾപ്പെടുത്തിയിട്ടുണ്ടെന്നും എല്ലാ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും, ക്ലാസ്, മീഡിയം തിരിച്ചുള്ള കുട്ടികളുടെ എണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉപ്പെടുത്തിയിട്ടുള്ള സമേതത്തിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും, പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കിയിട്ടുണ്ടെന്നും പരാമർശം (2) ലെ കത്ത് മുഖാന്തിരം കൈറ്റ്, വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു. 'സമേത'ത്തിനായി പ്രത്യേകം ഡാറ്റാ ശേഖരണം നടത്തേണ്ടതില്ലെന്നും സമ്പൂർണയ്ക്കു പുറമെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ hscap (ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ vhscap (വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികളുടെ വിശദാംശങ്ങൾ), ധനകാര്യ വകുപ്പിന്റെ 'സ്പാർക്ക്' (ജീവനക്കാരുടെ വിശദാംശങ്ങൾ) സോഫ്റ്റ്‌വെയറുകളിൽ ലഭ്യമായ ഡാറ്റയിൽ സ്വകാര്യതയും സുരക്ഷിതത്വവും സംരക്ഷിച്ചുകൊണ്ടുതന്നെ 'സമേതം' പൊതു ഡൊമൈനിൽ ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുള്ളതോടൊപ്പം 'സമേതം' എന്ന പേരിൽ ഓൺലൈൻ സ്കൂൾ ഡാറ്റാ ബാങ്ക് സജ്ജമാക്കി പ്രസിദ്ധീകരിക്കുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ടും 'സമേത'ത്തിലുള്ള ഡാറ്റ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുൾപ്പെടെ ഉപയോഗിക്കുന്നതിനും അനുമതി നൽകണമെന്നും കൈറ്റ്, വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 'സമേതം' എന്ന പേരിൽ ഓൺലൈൻ സ്കൂൾ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തിയും 'സമേത'ത്തിലുള്ള ഡാറ്റ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കുൾപ്പെടെ ഉപയോഗിക്കുന്നതിനും ചുവടെ പറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. സമ്പൂർണ, സ്പാർക്ക്, hscap, vhscap എന്നിവിടങ്ങളിൽ നിന്നുള്ള ഡാറ്റയാണ് സമേതത്തിലേയ്ക്ക് ഉപയോഗിക്കുന്നത് എന്നതിനാൽ ടി ആപ്ലിക്കേഷനുകളിലെ ഡാറ്റ അതത് ഏജൻസികൾ 'സമേത'ത്തിനായി ലഭ്യമാക്കേണ്ടതാണ്. 'സമേത'ത്തിൽ നേരിട്ട് യാതൊരുവിധ ഡാറ്റാ എൻട്രിയും അനുവദിക്കുന്നതല്ല. ആയതിനാൽ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരവരുടെ ഓഫീസുമായി ബന്ധപ്പെട്ട് ടി ആപ്ലിക്കേഷനുകളിലെ എല്ലാ വിശദാംശങ്ങളും യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
2. വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ ഉൾപ്പെട്ട സ്കൂളുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ സമ്പൂർണ, സ്പാർക്ക്, hscap, vhscap തുടങ്ങിയ ആപ്ലിക്കേഷനുകളിൽ കൃത്യമായി പിശകുകൂടാതെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. വകുപ്പിലെ എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ ടി ആപ്ലിക്കേഷനുകളിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ എന്നിവർ പ്രത്യേക നിർദ്ദേശം നൽകേണ്ടതും അവ തുടർച്ചയായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുമാണ്.
4. 'സമേതം' ഓൺലൈൻ സ്കൂൾ ഡാറ്റാബാങ്കിലെ വിവരങ്ങളുടെ സ്വകാര്യതയും സുരക്ഷിതത്വവും സംരക്ഷിക്കുന്നതിൽ കൈറ്റ് പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
സി.ഇ.ഒ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
ധനകാര്യ (സ്പാർക്ക് പി.എം.യു) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ